**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3490** **08.11.2019 ലെ മറുപടിയ്ക്ക്**

**സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ പഠനരീതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.എം. സ്വരാജ്** | | **ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| (എ) | സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ പഠനരീതി ആധുനികവത്കരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) & (ബി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സ്ഥാപനങ്ങളിൽ പഠന രീതി ആധുനിക വത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ ലക്ഷ്യമിട്ടുകൊണ്ട് "അക്കാദമിക് സ്റ്റാഫ് കോളേജ് ആൻഡ് ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലുകൾ" രൂപപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഐ.സി.റ്റി ഉപയോഗപ്പെടുത്തി വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനങ്ങളിലെയും ക്ലാസ്സ് മുറികളെ ഇന്റർനെറ്റ് സേവനവും എൽ.സി.ഡി പ്രൊജക്ടറും ലാപ്ടോപ്പും നൽകി സ്മാർട്ട് ക്ലാസ്സ് മുറികളാക്കി മാറ്റുന്ന പ്രക്രിയ പൂർത്തിയായി വരുന്നു.<br>എ പി ജെ അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും സ്മാർട്ട് ക്ലാസ് റൂമുകൾ നിലവിലുണ്ട്. ഓൺലൈൻ പഠനം പ്രോത്സാഹിപ്പിക്കുകയും വിദ്യാർത്ഥികൾക്ക് MOOC - (Massive Open Online Courses) - പഠിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിലേയ്ക്കായി പഠനരീതി/പഠന മാധ്യമം എന്നിവയിൽ ആധുനിക വിവരസാങ്കേതിക വിദ്യയുടെ സേവനം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**